ഉത്തരം

(എ) ആറു ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിരുന്ന സംസ്ഥാനത്ത് ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിനുശേഷം 1997-98-ൽ 8.31 ലക്ഷം ടണ്ണും 1998-99-ൽ 11.56 ലക്ഷം ടണ്ണും പച്ചക്കറി ഇനങ്ങൾ ഉൽപ്പാദിപ്പിച്ചു.

(ബി) പച്ചക്കറി ഉൽപ്പാദനത്തിന് ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് ഇപ്പോൾ ധനസഹായം നൽകുന്നില്ല.

(സി) അത്യുല്പാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ഉത്പാദിപ്പിക്കുന്നതിനായി ഒരു ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. വിശദാംശം തീരുമാനിക്കപ്പെട്ടിട്ടില്ല.

**109 (1841) ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന് നടപടി**

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള ;
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനും ഇപ്പോഴത്തെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി മാനേജ്മെന്റിൽ വൈദഗ്ധ്യമുള്ള ആരെയെങ്കിലും ഈ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ പുതിയ മാനേജിംഗ് ഡയറകടറുടെ നിയമനം എന്നത്തേയ്ക്ക് നടത്തും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) & (ബി) മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

**110 (1842) ഹോർട്ടി കോർപ്പിന്റെ റീജിയണൽ ഓഫീസുകൾ**

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻ കുട്ടി ;
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹോർട്ടികോർപ്പിന്റെ എത്ര റീജിയണൽ ഓഫീസുകൾ ആരംഭിച്ചു എവിടെയൊക്കെ;

(ബി) ഈ സെന്ററുകളിലേയ്ക്ക് നിയമനങ്ങൾ എങ്ങനെയാണ് നടത്തിയത്, നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly